പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4061

25.06.2018-ൽ മറുപടിയ്ക്ക്

## അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ദേവികുളം നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് അനുവദിച്ച അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിന്റെ ഭാഗമായി 5/3/2018 ലെ സ.ഉ.(കൈ) നമ്പർ 81/2018/റവ എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/185 pt, 186 pt, 197 pt, 200 pt, 201 pt എന്നിവയിൽപ്പെട്ട 2.0841 ഹെക്ടർ വസ്തുവിൽ 4.31 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി കൊണ്ട് സർക്കാരിലെ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മന്നാംകണ്ടം വില്ലേജിൽപ്പെടുന്ന 1061/1, 1061/3, 1066/1 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെടുന്ന 5 ഏക്കർ സ്വകാര്യ ഭൂമി സൗജന്യമായി |

| | | | |
|---|---|---|---|
| | | | സർക്കാരിന് വിട്ട് തരാമെന്ന പ്രസ്തുത സ്ഥലം ഉടമ അറിയിച്ചതായിട്ടുള്ള സാംസ്കാരിക വകുപ്പദ്ധ്യക്ഷന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സാംസ്കാരിക നിലയം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ടി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള സ്ഥലം തീർച്ചപ്പെടുത്തി ഏറ്റെടുത്തതിന് ശേഷം, സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ) തയ്യാറാക്കി ടെണ്ടർ നടപടി പാലിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ